"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

വനം-വന്യജീവി വകുപ്പ് – വന്യജീവി ആക്രമണം മൂലമുള്ള മരണം/പരിക്ക് എന്നിവയ്ക്കുള്ള നഷ്ടപരിഹാരം/ചികിൽസാ ധനസഹായം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.436/2026/F&WLD തീയതി,തിരുവനന്തപുരം, 25-10-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം. 17/2018/വനം തീയതി 05/04/2018
2. സ.ഉ.(കൈ) നം. 4/2024/DMD തീയതി, 07/03/2024
3. സ.ഉ.(സാധാ) നം. 304/2025/DMD തീയതി 09/05/2025
4. സ.ഉ.(കൈ) നം. 167/2026/RD തീയതി 15/03/2026
5. സ.ഉ(സാധാ) നം. 209/2026/DMD തീയതി 11/05/2026
6. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 31/07/2026- ലെ KFDHQ/5250/2026-CWW/WL 11-(1),(2) നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

മനുഷ്യ–വന്യജീവി സംഘർഷങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കും, പരിക്കേൽക്കുന്നവർക്കും നൽകിവരുന്ന നഷ്ടപരിഹാരം/ചികിൽസാ ധനസഹായം വർദ്ധിപ്പിക്കുന്നതിന് സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി തീരുമാനിച്ചിരുന്നു. അപ്രകാരം വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം പരിഷ്കരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (6) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, ആയതിന്റെ അടിസ്ഥാനത്തിൽ, മനുഷ്യ–വന്യജീവി സംഘർഷങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കും, പരിക്കേൽക്കുന്നവർക്കും, പരാമർശം(3),(4),(5)ലെ ഉത്തരവുകൾ പ്രകാരം നിലവിൽ അനുവദിച്ചുവരുന്ന നഷ്ടപരിഹാരത്തുകയുടെ/ചികിൽസാ സഹായത്തിന്റെ 25% വർദ്ധിപ്പിച്ച്, ചുവടെചേർത്ത പട്ടികയിൽ വിവരിക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന മരണം/ പരിക്ക് /പരിക്കിന്റെ സ്വഭാവം | നിലവിൽ നൽകി വരുന്ന ധനസഹായം | ധനസഹായം 25% വർദ്ധിപ്പിച്ച ശേഷമുള്ള തുക (SDRF ൽ നിന്നുമുള്ള ധനസഹായം ഉൾപ്പെടെ) |
|---|---|---|---|
| 1 | വന്യജീവി ആക്രമണം മൂലമുള്ള മരണം (പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണ ത്തെത്തുടർന്നുള്ള മരണത്തിനൊഴികെ) | ₹14 ലക്ഷം | ₹17.5 ലക്ഷം |
| 2 | പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണ ത്തെത്തുടർന്നുള്ള മരണം | ₹4 ലക്ഷം | ₹5 ലക്ഷം |
| 3 | 40% മുതൽ 60% വരെ അംഗവൈകല്യം സംഭവിച്ചവർക്ക്(ഒരു കൈ, കാൽ, കണ്ണ്,കണ്ണുകൾ നഷ്ടപ്പെട്ടവർക്ക് (ആളൊന്നിന് ) | ₹ 2,00,000 | ₹2.5 ലക്ഷം |
| 4 | 60%ത്തിലധികം അംഗവൈകല്യം-ഒരു കൈ/കാൽ/കണ്ണ്/കണ്ണുകൾ നഷ്ടപ്പെട്ടവർക്ക് (ആളൊന്നിന്) | ₹2,50,000 | ₹3,12,500/- (മൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ) |
| | | | ₹1,25000/- വരെ<br>ഇതിനുപരിയായി ഒരു ലക്ഷം രൂപ വരെ CMDRF ൽ നിന്നും അനുവദിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| 5 | ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിവാസം വേണ്ടി വരുന്ന ഗുരുതര പരിക്ക് | ₹16000 മുതൽ ₹1,00,000വരെ . | അപൂർവ്വമായി വരുന്ന കേസ്സുകളിൽ ഗുരുതരമായി പരിക്കേൽക്കുന്നവർക്കും ദീർഘകാലം ചികിത്സ ആവശ്യമായി വരുന്ന വർക്കും ചികിത്സയ്ക്കായി രണ്ടു ലക്ഷത്തി ഇരുത്തി അയ്യായിരം രൂപയേക്കാൾ(₹2,25000/-) ഏറെ ഉയർന്ന വൻതുക ചെലവാകുന്ന സാഹചര്യ ത്തിലും അനുഭാവപൂർവ്വം പരിഗണിക്കപ്പെടുന്ന കേസ്സുകളിൽ, ഓരോ കേസ്സിലും പ്രത്യേകം സർക്കാർ ഉത്തരവ് എന്ന സങ്കീർണ്ണത ഒഴിവാക്കുന്നതിനായി, അത്തരം സാഹചര്യ ങ്ങളിൽ ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫി ക്കറ്റിന്റെ അടിസ്ഥാന ത്തിൽ, സ.ഉ.(കൈ)304/2025/DMD 09.05.2025 ഉത്തരവിന് ഉപരിയായി വരുന്ന ചികിത്സയ്ക്ക് ചെലവായ യഥാർത്ഥ തുക CMDRF-ൽ നിന്നും അനുവദിക്കാ വുന്നതാണ് |
| 6 | ഒരാഴ്ചയിൽ കുറവ് ആശുപത്രിവാസം: പരമാവധി ₹1,00,000 | ₹5400 മുതൽ ₹1,00,000 | ₹1,25000/-<br><br>CMDRF-ൽ നിന്നും തുക |

| | | | |
|---|---|---|---|
| | വരെ. | | അനുവദിക്കേണ്ടതില്ല |

3. മേൽ പട്ടിക പ്രകാരം പരിഷ്കരിക്കുന്ന നഷ്ടപരിഹാര തുകയിൽ വർദ്ധിപ്പിക്കുന്ന തുക വനം വകുപ്പ് അനുവദിക്കുന്നതാണ്. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് തുകയുടെ പരിഷ്കരണമൊഴികെയുള്ള നിബന്ധനകൾ പരാമർശത്തിലെ ഉത്തരവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASEEM A
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്)/ എ&ഇ , തിരുവനന്തപുരം.
ധനകാര്യ (അഗ്രി -ബി ) വകുപ്പ്
ദുരന്ത നിവാരണ (എ ) വകുപ്പ്
റവന്യൂ (ഡി .ആർ .എഫ് -എ )വകുപ്പ്
വിവരപൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം
Digitally signed by
Suja S K
Date: 25-10-2026
13:27:19
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.വനം വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സെക്രട്ടറിയുടെ പി.എ.യ്ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്